➪ *സംഗതികൾ എങ്ങനെയാണ് ഇത്രത്തോളമെത്തിയത്?* ➪

**ഇന്ത്യയുടെ** സുപ്രീംകോടതി ഒരു ദേശീയ ബുദ്ധിമുട്ടായി മാറിക്കൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ ലോകത്തിലെതന്നെ മുൻനിര കോടതികളിലൊന്നായിരുന്നു അത്. പണ്ഡിതശ്രേഷ്ഠന്മാരായിരുന്നു അന്നത്തെ ജഡ്ജിമാർ. ഇടത്തോട്ടോ വലത്തോട്ടോ ചായ്‌വുള്ളവരായിരുന്നെങ്കിൽകൂടി, അവരുടെ തീരുമാനങ്ങൾ ന്യായയുക്തവും നിർദ്ദോഷവുമായിരുന്നു. അന്നത്തെ വിധിന്യായങ്ങൾ ലോകമാകെ ഉദ്ധരിക്കപ്പെട്ടിരുന്നു. ഈ മുൻഗാമികളുടെ വിചിത്രമായ പ്രതിഛായയാണ് ഇപ്പോഴത്തെ കോടതിയുടേത്. അധികാരദുർമേദസ്സു നിറഞ്ഞ്, ബൗദ്ധികതേജസ്സ് ഒട്ടുമില്ലാതെ, പ്രത്യേകിച്ച് ഒരാവശ്യവുമില്ലാതെ ദേശീയഗാനത്തിന്റെ മുഖ്യസംരക്ഷകനായി കോടതി തനിയെ നിയമിതനാകാൻ തീരുമാനിച്ചു. ദേശീയ ഗാനത്തിന്റെ നാടകീയാവതരണവും, അതിന്റെ ഏതെങ്കിലും തരത്തിലുള്ള അവതരണത്തിൽ നിന്നുള്ള ഗുണമുണ്ടാക്കലും നിരോധിച്ചു. അച്ചടിക്കപ്പെടുന്നതിൽനിന്നും

# ദേശീയഗാനം: സുപ്രീകോടതിയുടെ വികലമായ ദേശാഭിമാനം

സിനിമ തീയേറ്ററുകളിൽ ദേശീയഗാനം നിർബന്ധമായും കേൾപ്പിക്കണമെന്നും, ദേശീയഗാനം കേൾക്കുമ്പോൾ എല്ലാവരും എഴുന്നേറ്റ് നിൽക്കണമെന്നുമുള്ള സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ പൊള്ളത്തരങ്ങൾ തുറന്നു കാണിക്കുന്നു രാഷ്ട്രീയ നിരീക്ഷകനും അഭിഭാഷകനുമായ

**ഭൈരവ് ആചാര്യ**

പരിഭാഷ: **അജിതൻ**

ഭാഗികമായി തടഞ്ഞു. ഓരോ സിനിമയും തുടങ്ങുന്നതിനുമുമ്പ് ദേശീയഗാനം ആലപിക്കണമെന്ന് നിർബന്ധിച്ചു. ഇനിയും പലതുമുണ്ട്. കോടതി അംഗീകരിച്ച ദേശീയഗാനം സ്‌ക്രീനിൽ പതിയുന്ന വലിയൊരു ദേശീയ പതാകയുടെ ചിത്രത്തോടൊപ്പം മാത്രമേ പാടാവൂ. റിലയൻസ് സിനിമകളിൽ കാണിച്ചിരുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ അവതരിപ്പിച്ച 'നിശബ്ദ ദേശീയഗാനം' ഇനി അനുവദിക്കില്ല. 'ഭാരത് ബാല പ്രൊഡക്ഷൻസി'ന്റെ ഇന്ത്യൻ പട്ടാളക്കാർ അണിനിരക്കുന്ന നാടകീയ ദേശീയഗാനവും വേണ്ടെന്നുവച്ചു.

**എന്താണ് സംഭവിച്ചത്?**

സംഗതികൾ എങ്ങനെയാണ് ഇത്രത്തോളമെത്തിയത്? 2002ൽ ശ്യാംനാരായൺ ചോക്സി എന്ന റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥൻ 'കഭി ഖുശി കഭി ഗം' എന്ന സിനിമ കാണാൻ പോയിരുന്നു. ഇഷ്ടംപോലെ സമയമുണ്ടല്ലോ മൂപ്പർക്ക്! ദേശീയഗാനം ആലപിക്കുന്ന ഒരു സന്ദർഭവും സിനിമയിലുണ്ട്. ചോക്സി സിനിമയ്ക്കിടയിൽ അറ്റൻഷനായി എഴുന്നേറ്റു നിന്നെങ്കിലും സ്വസ്ഥാനത്ത് ഇരിക്കാൻ നിർബന്ധിതനായി. "എന്നെ അത് ഏറെ വേദനിപ്പിച്ചു", ചോക്സി പറഞ്ഞു. അദ്ദേഹം ജബൽപൂർ ഹൈക്കോടതിയിൽ ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു. വാദം കേട്ട ജസ്റ്റിസ് ദീപക് മിശ്രയാകട്ടെ ആ സിനിമ അപ്പാ

⇨ *അത് സിനിമയുടെ കഥയിൽത്തന്നെയുള്ളതാണെന്നതൊന്നും ജഡ്ജി കണക്കിലെടുത്തില്ല* ⇨



നിർബന്ധിത ദേശീയഗാനത്തിനെതിരെ തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്രമേളയിൽ നടന്ന പ്രതിഷേധം

ടെ നിരോധിച്ചു. അത് 2003ൽ. തീർത്തും പരിഹാസ്യമായിപ്പോയി ഈ വിധി എന്നല്ലാതെ എന്തു പറയാൻ?

*"ദേശീയഗാനം അനന്തമായ ആത്മാഭിമാനത്തോടെ ചൊല്ലേണ്ടതാണ്. അതിനു കോട്ടം തട്ടാൻ ആരെയും അനുവദിക്കരുത്. ഇന്ത്യയുടെ ഏകത്വത്തിനും അഖണ്ഡതയ്ക്കും ഉതകുന്ന അടിസ്ഥാന ദർശനമാണ് ദേശീയഗാനം. ദേശീയതയുടെ ഉൾക്കരുത്താണത്. രാജ്യസ്നേഹത്തിന്റെ മൂലതത്വവും ദേശീയ പൈതൃകത്തിന്റെ ന്യൂക്ലിയസും ആണത്. സംസ്കാരത്തിന്റെ അസ്ഥിവാരം, ദേശീയാഭിമാനത്തിന്റെ സാരാംശം."*

ഇത്രയും ന്യായാധിപ വ്യഗ്രതയുടെ മലവെള്ളപ്പാച്ചിലിനുമാത്രം എന്തുണ്ടായി? സിനിമയിൽ ദേശീയഗാനത്തിനിടയിൽ ഒരു കുഞ്ഞ് സ്കൂൾകുട്ടിക്ക് തപ്പലുണ്ടായി. അത് സിനിമയുടെ കഥയിൽത്തന്നെയുള്ളതാണെന്നതൊന്നും ജഡ്ജി കണക്കിലെടുത്തില്ല. അദ്ദേഹം അതിശയപ്പെടുകയാണ്.

*"രാജ്യത്തിന്റെ ആദിയും അന്തവുമായ, ഭാരതത്തിന്റെ ദേശീയഗാനത്തെ, നിർമ്മാതാവും സംവിധായകനും ചേർന്ന് പിൻസീറ്റിലേക്ക് തള്ളി. ഒറ്റനോട്ടത്തിൽ ദേശസ്നേഹത്തിന്റെ മൂർത്തരൂപമായി (ഈ ചിത്രീകരണം) തോന്നുമെങ്കിലും കുറേക്കൂടി ആഴത്തിൽ പരിശോധിച്ചാൽ യാഥാർത്ഥ്യത്തിന്റെ തരിമ്പുപോലുമില്ലാത്ത പൊള്ളത്തരം വ്യക്തമാകും. 'വന്നു, കണ്ടു, കീഴടക്കി' എന്ന സീസർ വീമ്പടിക്കൽപോലെയുള്ള പൊങ്ങച്ചം പാടില്ല. മാതാപിതാക്കളുടെ വാചകമടിക്കിടയിൽ ഒരു കുഞ്ഞിന്റെ നിരപരാധിത്വം തെളിയിക്കപ്പെടുമ്പോൾ അത് രാജ്യാഭിമാനത്തിന്റെ ചെലവിലാകരുതായിരുന്നു. ഞങ്ങളുടെ നോട്ടത്തിൽ അത് പ്രത്യാശാഭരിതമായ ദേശീയ വികാരത്തിനെതിരെയുള്ള അഭിശപ്തതയായി തോന്നുന്നു. 'വേണമെങ്കിൽ ആകാം' എന്ന ലാഘവത്തോടെയുള്ള സമീപനമാണിത്."*

'വേണമെങ്കിൽ ആകാം' എന്ന് പറയുന്നത്, മുൻകൂട്ടി ചിന്തിക്കാതെയുള്ള പറച്ചിലാകാം. തീർച്ചയായും ജസ്റ്റിസ് മിശ്രയുടെ വാക്കുകൾ ആ നിലയിലേക്കാണെത്തുന്നത്. സിനിമയുടെ നിർമ്മാതാക്കൾ ഹൈക്കോടതി നിരോധനത്തിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ ചെയ്യുകയും 2004ൽ ജസ്റ്റിസ് മിശ്രയുടെ വിധിയെ മറികടക്കുകയും ചെയ്തു. സാധാരണഗതിയിൽ, അതവിടെ അവസാനിക്കേണ്ടതായിരുന്നു. പതിന്നാലു വർഷങ്ങൾക്കുശേഷം ജസ്റ്റിസ് മിശ്ര സുപ്രീംകോടതിയിലെത്തുകയും പഴയ ചങ്ങാതിയായ ചോക്സിയോടൊത്തുചേരുകയും ചെയ്തു. തന്റെ മുൻ തോൽവിയിൽ തളരാതെ മുഴുവൻ സിനിമാ തീയേറ്ററുകളിലും ദേശീയഗാന നിരോധനത്തിനായി ചോക്സി ആവശ്യമുന്നയിച്ചു. നീതിനിർവ്വഹണത്തിന്റെ അമ്പരപ്പിക്കുന്ന പ്രകടനത്തിലൂടെ ഒക്ടോബറിൽ ജസ്റ്റിസ് മിശ്ര വാദം കേൾക്കുകയും ഒരു മാസത്തിനുശേഷം പുതിയ നിരോധനാജ്ഞ പുറപ്പെടുവിക്കുകയുമായിരുന്നു.

**നിർബന്ധിത സ്ക്രീനിംഗ്**

ഒരുപാട് സംഗതികൾ കെട്ടുപിണഞ്ഞു

കിടക്കുന്നതുകൊണ്ട് ഓരോന്നായി മനസ്സിലാക്കാം. ദേശീയഗാനത്തിന്റെ നിർബന്ധിത അവതരണമാണ് ആദ്യത്തെ കാര്യം. ദേശീയഗാനം കാണിക്കണമെന്ന് ആഗ്രഹിച്ചവർക്ക് ഒരു തടസ്സവുമില്ലാതെ കാണിക്കാം. മറ്റെവിടെയെങ്കിലും ദേശീയഗാനം ചൊല്ലണമെന്നുള്ളവർക്കും തടസ്സമേതുമില്ല. പക്ഷേ, സിനിമാ തീയേറ്ററുകളെയോ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെയോ ദേശീയഗാനാവതരണത്തിന് നിർബന്ധിക്കുന്നതിൽ യാതൊരു നിയമപ്രാബല്യവുമില്ല. സ്വകാര്യസ്ഥാപനങ്ങളെ ദേശീയ ഗാനാലാപനത്തിനു സമ്മർദ്ദപ്പെടുത്തുമ്പോൾ സ്വതന്ത്ര സംസ്കാരത്തിനും വ്യവഹാരത്തിനുമുള്ള സ്വാതന്ത്ര്യമാണ് ലംഘിക്കപ്പെടുന്നത്.

എന്തുകൊണ്ടാണ് സിനിമാഹാളുകളുടെ കാര്യത്തിൽമാത്രം ജസ്റ്റിസ് മിശ്ര അത്യുത്സാഹമെടുത്തത്? സാമൂഹ്യനിയന്ത്രണത്തിനു സാധ്യതയുള്ള വേദിയായി സിനിമകൾ, ചരിത്രപരമായിത്തന്നെ ഒരുപാടു നിയമശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതാണ്. ഇന്ത്യയെപ്പോലുള്ള കോളനിവത്കൃത സമൂഹത്തിൽ പൊതു ആശയ വിനിമയത്തിനുള്ള ശക്തമായ മാദ്ധ്യമമായി സിനിമ പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അധികാരികൾക്ക് പലപ്പോഴും സിനിമകൾ കാര്യമായി സെൻസർ ചെയ്യേണ്ടിയും വരാറുണ്ട്. പ്രേംചൗധരി (Colonial India and the making of Empire cinema: Image, ideology and Identity എന്ന പുസ്തകത്തിന്റെ രചയിതാവ്) പറയുന്നത്, "ഇന്ത്യൻ പ്രേക്ഷകർ (സിനിമയുടെ ഒടുവിൽ കാണിച്ചിരുന്ന) ബ്രിട്ടീഷ് ദേശീയഗാനം ഒഴിവാക്കുന്നതിൽ ഉത്സുകരായിരുന്നു" എന്നാണ്. ഒരു നൂറ്റാണ്ടിനുശേഷം, ചെറിയ മാറ്റങ്ങൾ മാത്രമേ ഇവിടെ സംഭവിച്ചിട്ടുള്ളൂ. സിനിമയുടെ അവസാനം കാണികൾ ഇറങ്ങിപ്പോകുന്നതു തടയാൻ ദേശീഗാനാവതരണം തുടക്കത്തിലേക്കു മാറ്റിയിരിക്കുന്നു. പക്ഷേ ജസ്റ്റിസ് മിശ്രയ്ക്ക് തൃപ്തിയായില്ല. ദേശീയഗാനം സ്ക്രീനിൽ മുഴങ്ങുമ്പോൾ വാതിലുകൾ അടച്ചിടാനും അതുവഴി കാണികളെ തടവിലാക്കാനും അദ്ദേഹം ഉത്തരവിട്ടു.

**നിർബന്ധിത നിൽപ്പ്**

ദേശീയഗാനത്തെ സംബന്ധിച്ചുള്ള അടുത്ത വസ്തുത അതിനെ ബഹുമാനിക്കുന്നതിനെക്കുറിച്ചാണ്. 'നിയമത്തിലെ ഒരു ഭാഗവും ദേശീയഗാനം ആലപിക്കാൻ ഒരാളെ ബാദ്ധ്യസ്ഥനാക്കുന്നില്ല' എന്ന് 1986ൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ് നിർബന്ധിത ആലാപനം എന്ന് കോടതി പറയുന്നു. എന്നാൽ ആലാപന സമയത്ത് എഴുന്നേറ്റ് നിൽക്കാനുള്ള ചുമതലയുണ്ട്. ഇന്നും ആ സ്ഥിതിയാണ് തുടരുന്നത്. അതൊന്നു പരിശോധിക്കാം നമുക്ക്. പലർക്കും ആലാപന സമയത്തെ എഴുന്നേറ്റു നിൽക്കൽ ഗൗരവപൂർണ്ണമായ കർത്തവ്യമാണ്. അവർക്ക്, എഴുന്നേറ്റ് നിന്നോ, പാടിയോ, സല്യൂട്ട് ചെയ്തോ ബഹുമാനം പ്രകടിപ്പിക്കുന്നതിൽ യാതൊരു തർക്കവുമില്ല. മറ്റുള്ളവർക്ക് ബഹുമാനം കാണിക്കാൻ എഴുന്നേറ്റു നിൽക്കണമെന്നില്ല. വേറെ ചിലർക്കാകട്ടെ, ദേശീയവികാരപ്രകടനത്തിൽ നിർബന്ധമായി പങ്കെടുപ്പിക്കുന്നത് ജനാധിപത്യവിരുദ്ധവുമാണ്. സമാധാനപരമായി സ്വയം പ്രകടനത്തിന് അനുവദിക്കലാണ് ഒരു സ്വതന്ത്രസമൂഹത്തിന്റെ സത്ത. ദേശീയഗാനസമയത്ത് എഴുന്നേറ്റ് നിൽക്കാൻ ഭരണകൂടം ജനങ്ങളെ നിർബന്ധിപ്പിക്കുമ്പോൾ ഇത്തരം സ്വാതന്ത്ര്യമാണ് വലിച്ചെറിയപ്പെടുന്നത്.

സ്വാതന്ത്ര്യപ്രകടനത്തിന്റെ ഭാഗമായി പൗരർക്ക് ദേശീയ പതാകപോലുള്ള ദേശീയപ്രതീകങ്ങളെ ബഹുമാനിക്കാതിരിക്കാനുള്ള അവകാശം ലോകമെമ്പാടുമുള്ള അനേകം ലിബറൽ ജനാധിപത്യങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. പതാകയെ അശുദ്ധമാക്കൽ തന്നെ ആസ്ട്രേലിയ, കാനഡ, ജപ്പാൻ, യു.കെ, യു.എസ്.എ തുടങ്ങി രാജ്യങ്ങളിൽ നിയമവിധേയമാണ്. പതാക കത്തിക്കൽ തന്നെ ഭരണഘടന അനുവദിക്കുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് 1989ൽ യു.എസ് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു മറുപടിയായി, യു.എസ് കോൺഗ്രസ് പതാക സംരക്ഷണ നിയമം തന്നെ പടച്ചുണ്ടാക്കിയെങ്കിലും യു.എസ് സു

പതാക കത്തിക്കൽ തന്നെ ഭരണഘടന അനുവദിക്കുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് 1989ൽ യു.എസ് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു മറുപടിയായി, യു.എസ് കോൺഗ്രസ് പതാക സംരക്ഷണ നിയമം തന്നെ പടച്ചുണ്ടാക്കിയെങ്കിലും യു.എസ് സുപ്രീംകോടതി ഉടൻതന്നെ അത് തിരുത്തി.

പ്രീംകോടതി ഉടൻതന്നെ അത് തിരുത്തി. താരതമ്യേന ചെറിയ പ്രതിഷേധമായ, ദേശീയഗാനാലാപന സമയത്തെ ഇരിക്കൽ നിയമാനുസൃതവും സ്വതന്ത്രലോകമാകെ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്.

**നാടകീയാവതരണത്തിന് നിരോധനം**

ദേശീയഗാനത്തെ നാടകീയമായി അവതരിപ്പിക്കുന്നതിനുള്ള നിരോധനമാണ് മൂന്നാമത്തെ പ്രശ്നം. സ്കൂൾ അസംബ്ലികളെ ഉദ്ദേശിച്ചുള്ളതാണ് 1986ലെ ദേശീയഗാനത്തെ ബഹുമാനിക്കുന്നതിലുള്ള സുപ്രീംകോടതി വിധി. 2003ൽ ജസ്റ്റിസ് മിശ്രയുടെ അടുക്കൽ കേസ് എത്തുന്നതുവരെ സിനിമയിലെ അഭിനേതാക്കൾ ദേശീയഗാനമാലപിക്കുന്നതിനെക്കുറിച്ച് കോടതി യാതൊന്നും പറഞ്ഞിട്ടില്ല. 'കഭി ഖുശി കഭി ഗം' എന്ന സിനിമ നിരോധിക്കാനുള്ള ജസ്റ്റിസ് മിശ്രയുടെ വിഫലശ്രമം, സിനിമാവതരണത്തിനിടയിൽ എഴുന്നേറ്റു നിൽക്കുക എന്നത് പ്രാവർത്തികമല്ലെന്നു വിശദീകരിക്കാൻ ആഭ്യന്തര വകുപ്പിനെ പ്രേരിപ്പിച്ചു. ഇപ്പോൾ സിനിമകളിൽ നിന്നപ്പാടെ ജസ്റ്റിസ് മിശ്രയാൽ ദേശീയഗാനം പുറത്താക്കപ്പെട്ടിരിക്കുകയാണ്. കാരണം, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ദേശീയഗാനത്തിന്റെ നാടകീയമായ അവതരണം 'തീർത്തും അചിന്ത്യമാകുന്നു.'

ഇവിടെ ജഡ്ജി പറയുന്നത് ശരിയല്ല. ബോളിവുഡിൽ മാത്രമല്ല രാജ്യമൊട്ടാകെ, ദശാബ്ദങ്ങളായി സിനിമകളിൽ കാണുകയും കേൾക്കുകയും ചെയ്യുന്നതാണ് ദേശീയഗാനം. കൂടാതെ, 2000ൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി പ്രമുഖ സംഗീത വിദ്വാന്മാർ അവതരിപ്പിച്ച ദേശീയഗാനത്തിന്റെ ലഘുചിത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പരേതനായ പണ്ഡിറ്റ് ഭീംസെൻ ജോഷിയെ ആദരിക്കുന്നതിന്റെ ഭാഗമായി 2011ൽ അദ്ദേഹം ദേശീയഗാനമാലപിക്കുന്ന ചെറുചിത്രം റിലീസ് ചെയ്യുകയുണ്ടായി. ഖേദകരമെന്നു പറയട്ടെ, അവയൊന്നും ജസ്റ്റിസ് മിശ്രയുടെ രാജ്യസ്നേഹ പരിശോധന പാസ്സാകില്ല. അതുകൊണ്ട് അതെല്ലാം അയോഗ്യരാക്കപ്പെടുന്നു.

**'നൈതിക' അബദ്ധങ്ങൾ**

ഒരു സർഗ്ഗാത്മകതയും അനുവദിക്കാതെ, ഒരു പ്രതിഷേധവും ക്ഷമിക്കപ്പെടാതെ മുതിർന്നവരെയും ഭിന്നശേഷിക്കാരെയും പോലും എണീറ്റുനിൽക്കാൻ നിർബന്ധിക്കുന്ന ജസ്റ്റിസ് മിശ്രയുടെ ദേശാഭിമാന വീക്ഷണം ഇത്രയും പിന്തിരിപ്പനാകാൻ എന്താണ് കാരണം? ജഡ്ജിയുടെ മനസ്സിൽ ദേശാഭിമാനവും വ്യക്തിവാദവും പരസ്പരം കൂടിമുട്ടുന്നില്ല. വിധിയിൽ പറയുന്നു, "ഭരണഘടന രാജ്യസ്നേഹത്തിന്റെയും ദേശീയ നന്മയുടെയും പ്രതീകമായ ദേശീയഗാനത്തെ ബഹുമാനിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്നും അത്തരമൊരു രാജ്യത്തിലാണ് ഇന്നാട്ടിലെ ജനങ്ങൾ ജീവിക്കുന്നതെന്നും മനസ്സിലാക്കേണ്ട സമയമാണിതെന്നും പറയട്ടെ. വൈയക്തികവിചാരങ്ങൾക്കിവിടെ സ്ഥാനമില്ല. വ്യക്തിയുടെ അവകാശങ്ങളോ, മറ്റ് വ്യത്യസ്ത അഭിപ്രായങ്ങളോ അനുവദനീയമല്ല. ഇത്തരം സങ്കൽപം തന്നെ ഭരണഘടനാപരമായി അനുവദിക്കപ്പെടാനാകില്ല."

എന്താണിത് അർത്ഥമാക്കുന്നത്? ജസ്റ്റിസ് മിശ്രയ്ക്കു മാത്രമേ അതു കൃത്യമായി അറിയൂ. ഇന്ത്യൻ ഭരണഘടന വ്യക്തി അവകാശങ്ങൾ രേഖാമൂലം ഉറപ്പാക്കുന്നുണ്ട്. നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാനംതന്നെ അതാണ്. അതിനെതിരെയുള്ള എല്ലാ വാദങ്ങളും തെറ്റാണ് എന്നാണ് ഭരണഘടനയിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഇങ്ങനെ സുപ്രീംകോടതിപോലും തെറ്റുകൾ വരുത്തിവയ്ക്കുന്നു എന്നത് ആശങ്കാജനകമാണ്. രാഷ്ട്രീയചായ്‌വിന്റെ കാര്യമല്ല ഇത്. ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും സോഷ്യലിസ്റ്റ് നയങ്ങളോട് പൊരുതിയ പ്രമാണിവർഗ്ഗക്കാരായ ജഡ്ജിമാരാണ് ആദ്യം ഇന്ത്യയുടെ നിയമസംഹിത നെയ്തെടുത്തിരുന്നത്. പിന്നീട് കോടതി ഇടത്തോട്ട് ചാഞ്ഞു. രണ്ടായാലും, കോടതിയുടെ തീരുമാനങ്ങൾ നൈതികമായി ഉദാത്തമായിരുന്നു.

ജസ്റ്റിസ് മിശ്രയുടെ ഉത്തരവ്, നിയമസംഹിതയുടെ നിഷ്പക്ഷതയെ ഒറ്റുകൊടുക്കുന്നെന്നു മാത്രമല്ല, ഭാഷയുടെ അടിസ്ഥാനനിയമങ്ങളെപ്പോലും അത് അവഗണിക്കുന്നു. 2016ന്റെ തുടക്കത്തിൽ ക്രിമിനൽ അപകീർത്തിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിധിന്യായം പരിഹാസ്യമേറ്റുവാങ്ങിയത് അസംബന്ധങ്ങളുടെ ഒഴുക്കോടെ എഴുതപ്പെട്ടതായതുകൊണ്ടായിരുന്നു. ചില ജഡ്ജിമാരുടെ സത്ത, വാക്കുകളുടെ ആവശ്യകതയോട് വിപരീതാനുപാതത്തിലാണ്. ഈ പ്രവണത തടയപ്പെട്ടില്ലെങ്കിൽ, ഇന്ത്യൻ നീതിന്യായവ്യവസ്ഥ എന്നും നരകിക്കുകയേയുള്ളൂ. നൈതികസ്ഥിതിയിലേക്ക് വളരെ വേഗം തിരിച്ചുപോകേണ്ടതുണ്ട്. അതുപോലെ കൃത്യനീതിയും സൂക്ഷ്മമായ വാദങ്ങളും ഉന്നതമായ ന്യായവും. അവയൊക്കെ സ്ഥാപിക്കപ്പെടുമ്പോൾ ദേശീയഗാനത്തിന് കൂടുതൽ അർത്ഥതലങ്ങളുമുണ്ടാകും. *(www.bhairavacharya.net)*. ■